## നിലയ്ക്കൽ ഭദ്രാസന ബാലസമാജം കലാമേള സമാപിച്ചു

റാന്നി : മലങ്കര ഓർത്തഡോക്സ് സഭ നിലയ്ക്കൽ ഭദ്രാസന ബാലസമാജം കലാമേള സമാപിച്ചു. വൈസ് പ്രസിഡന്റ് ഫാ. സോബിൻ സാമുവേലിന്റെ അദ്ധ്യക്ഷതയിൽ നിലയ്ക്കൽ ഭദ്രാസന സെക്രട്ടറി ഫാ. ഷൈജു കുര്യൻ കലാമേള ഉത്ഘാടനം ചെയ്തു. ബാലസമാജം ജനറൽ സെക്രട്ടറി ജേക്കബ് തോമസ്, ജോസ് കെ. ഏബ്രഹാം, ആനി റ്റോബി, ജോബി ജോസഫ്, അനുജ ബെന്നി എന്നിവർ പ്രസംഗിച്ചു. ഇടപ്പാവൂർ മാർ ഗ്രിഗോറിയോസ്, കുറ്റിയാനി സെന്റ് ജോർജ് ഇടവകകൾ ഒന്നാം സ്ഥാനവും കാട്ടൂർ സെന്റ് മേരീസ് ഇടവക രണ്ടാം സ്ഥാനവും നേടി ഓവറോൾ ചാമ്പ്യൻമാരായി.